പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3057

07/11/2019-ൽ
മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ? | (എ)<br>&<br>(ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി കാലപ്പഴക്കം ചെന്നതും ഉപയോഗയോഗ്യവുമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിൽ LSG എൻജിനീയർ, PWD Building Division എൻജിനീയർ, വിദ്യാഭ്യാസ വകുപ്പിലെ എ.ഇ.ഒ/ഡി.ഇ.ഒ എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് നൽകിയും, ആയവയുടെ നിലവിലെ മൂല്യം എഴുതിത്തള്ളുന്നതിന് തദ്ദേശ സ്ഥാപനത്തിന് അനുമതി നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലപരിമിതിയുള്ളതും അടിസ്ഥാന സൗകര്യവികസനം ആവശ്യമായതുമായ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയോ മറ്റേതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടിവരുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

Namitha P

സെക്ഷൻ ഓഫീസർ